**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1479** **03-02-2026 - ൽ മറുപടിയ്ക്ക്**

**അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥിരനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സ്ഥിരം നിയമനം നൽകാൻ സർക്കാർ തയ്യാറാകുമോ; | (എ) | ഈ വിഷയത്തിൽ നിലവിൽ സർക്കാർ പൊതു ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ഇവർക്ക് സ്ഥിരം നിയമനം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | (ബി) | കെ.ഇ.ആർ. അദ്ധ്യായം V, ചട്ടം 22A (1) പ്രകാരം 25 കുട്ടികളിൽ കുറവുള്ള സ്കൂളുകളാണ് മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ എന്ന ഗണത്തിൽ പെടുന്നത്. 12/10/2006 ലെ GO(P) No.259/2006/GEDN പ്രകാരം സംസ്ഥാനത്തെ അൺ എക്കണോമിക് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പ്രൊട്ടക്റ്റഡ് അധ്യാപകരെക്കൊണ്ട് മാത്രമേ നികത്താവൂ എന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പിന്നീട് നിയമനരീതിയിൽ മാറ്റം വരുത്തി. ഒരു ക്ലാസ്സിൽ ശരാശരി 15 കുട്ടി കൾ ഉണ്ടെങ്കിൽ അത്തരം വിദ്യാലയങ്ങൾ മതിയായ എണ്ണം കുട്ടികൾ ഉള്ള വിദ്യാലയമാണ് എന്നും ഈ വിദ്യാലയങ്ങളിൽ KER ചട്ടങ്ങൾ പ്രകാരമുള്ള നിയമനങ്ങൾ നടത്താവുന്നതാണ് എന്നും 10.5.2012-ലെ 13402/J2/12/GEDN, 6.11.2012-ലെ 58604/J2/12/GEDN എന്നീ സർക്കുലറുകൾ, സ.ഉ.(എം.എസ്.) നം.83/2018/പൊ.വി.വ. തീയതി 12.06.2018 എന്നിവ പ്രകാരം, സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള നിർദേശങ്ങൾ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയം ആയതിനാലാണ് അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് സ്ഥിരം നിയമനം നൽകാത്തത്. ഒരു ക്ലാസിൽ ശരാശരി 15 കുട്ടികൾ ഉണ്ടാകുന്ന മുറയ്ക്ക് സ്ഥിരം നിയമനം മാനേജർക്ക് നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ